SREENARAYANAGURU OPEN UNIVERSITY
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

# പരീക്ഷാ വിഭാഗം

# സർക്കുലർ

**നം. 108/EX.1/26/SOU/2025** **തീയതി : 10/06/2025**

വിഷയം : ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി – പരീക്ഷാ വിഭാഗം നിരന്തരമൂല്യനിർണ്ണയം -വിവിധ പ്രോഗ്രാമുകളുടെ അസൈൻമെന്റ് സമർപ്പണം സംബന്ധിച്ച നിർദ്ദേശങ്ങൾ.

സൂചന : (1) ഇൻടേക്ക് 2 (2023 ജനുവരി അഡ്മിഷൻ) യു.ജി. നാലാം സെമസ്റ്റർ

(2)ഇൻടേക്ക് 3 (2023 ജൂലൈ അഡ്മിഷൻ) യു.ജി./പി.ജി. മൂന്നാം സെമസ്റ്റർ

(3) ഇൻടേക്ക് 4 (2024 ജനുവരി അഡ്മിഷൻ) യു.ജി. B.C.A മൂന്നാം സെമസ്റ്റർ

സൂചനകൾ പ്രകാരമുള്ള വിവിധ പ്രോഗ്രാമുകളുടെ അസൈൻമെന്റുകൾ പഠിതാക്കൾക്ക് 30/06/2025 വരെ പിഴ കൂടാതെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. 30/06/2025 തീയതിക്ക് ശേഷം അസൈൻമെൻറ് ഒന്നിന് 50 രൂപ ലേറ്റ്ഫീയോടുകൂടി ബന്ധപ്പെട്ട പ്രോഗ്രാം കാലാവധി വരെയും പ്രോഗ്രാം കാലാവധിയ്ക്ക് ശേഷം 100 രൂപ സൂപ്പർ ഫൈനോടു കൂടിയും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

30/06/2025 വരെ ഫൈനില്ലാതെയും 11/07/2025 വരെ ഫൈനോട് കൂടിയും സമർപ്പിക്കുന്ന അസൈൻമെന്റുകൾ മാത്രമേ ടി സെമെസ്റ്ററുകളുടെ റഗുലർ പരീക്ഷകളുടെ ഫലത്തിനായി പരിഗണിക്കുകയുള്ളൂ. 11/07/2025 തീയതിക്ക്

ശേഷം ഫൈനോട്ടു കൂടി സമർപ്പിക്കുന്ന അസൈൻമെന്റുകളുടെ ഫലം സപ്ലിമെന്ററി പരീക്ഷാ ഫലത്തിനോടൊപ്പമേ പ്രസിദ്ധീകരിക്കുകയുള്ളൂ.

**അസൈൻമെന്റുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുമ്പോൾ പഠിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :**

- പഠിതാക്കൾ അസൈൻമെന്റ് എഴുതി സ്കാൻ ചെയ്യുകയും, pdf ഫോർമാറ്റിൽ അതാത് കോഴ്സിന്റെ പേരും ഏതു സെറ്റ് (സെറ്റ് 1/സെറ്റ് 2) ആണെന്നും ഫയലിന്റെ പേരിനോടൊപ്പം നൽകേണ്ടതാണ്.

- പഠിതാക്കൾ അസൈൻമെന്റുകൾ സമർപ്പിക്കുമ്പോൾ ആദ്യ പേജായി സർവകലാശാല നിർദ്ദേശിച്ചിട്ടുള്ള FACING SHEET ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത FACING SHEET-ന്റെ ഫോർമാറ്റ് പഠിതാക്കളുടെ LSC-കളിലും സർവകലാശാല വെബ്സൈറ്റിലും ലഭ്യമാണ്.

- അപ്‌ലോഡ് ചെയുന്ന pdf ഫയലിന്റെ പരമാവധി സൈസ് 10 MB / 10 പേജ് ആണ്.

- erp.sgou.ac.in എന്ന ലേണേഴ്‌സ് പോർട്ടലിൽ സ്റ്റുഡന്റ് ലോഗിൻ വഴിയാണ് അസൈൻമെന്റുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടത്.

- കോഴ്‌സുകൾ മാറി അപ്‌ലോഡ് ചെയ്തതോ, അസൈൻമെന്റുകൾ അപ്‌ലോഡ് ആകാത്തതോ ആയ സാഹചര്യങ്ങളിൽ ടി കോഴ്സിന്റെ മൂല്യനിർണയം നടത്താൻ സാധിക്കില്ല, ആയതിനാൽ ഓരോ കോഴ്സിന് നേരെയുള്ള Assignment Set I (DESCRIPTIVE), Assignment Set II (ANALYTICAL) അസൈൻമെന്റുകൾ വ്യത്യസ്ത ഫയലുകളായി അപ്‌ലോഡ് ചെയ്യണം. Set I ഉം Set II ഉം ഒരുമിച്ച് അപ്‌ലോഡ് ചെയ്യാൻ പാടില്ല.

- ഒരേ ഉള്ളടക്കം വ്യത്യസ്തമായ ഫേസിങ് ഷീറ്റ് ഉൾപ്പെടുത്തി സമർപ്പിക്കുന്ന പഠിതാക്കളുടെ അസൈൻമെന്റുകൾ, Regulations for the Prevention of Malpractices in the University Examinations-2023 (Embodying amendments upto 13 March 2024), Clause-18 പ്രകാരം പരീക്ഷ

ക്രമക്കേടായി കണക്കാക്കുകയും ടി പഠിതാക്കളുടെ അസൈൻമെന്റുകൾ അസാധുവാക്കുകയും സർവകലാശാല നിയമപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. ആയതിനാൽ പഠിതാക്കൾ സ്വന്തമായി തയ്യാറാക്കിയ അസൈന്മെന്റുകൾ മാത്രം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

- പഠിതാക്കൾക്ക് അസ്സൈസൻമെന്റിന്റെ സ്റ്റാറ്റസ് സ്റ്റുഡന്റ് പോർട്ടലിൽ കാണുവാൻ സാധിക്കുന്നതാണ് .

- അസൈൻമെന്റുകൾ അപ്‌ലോഡ് ചെയ്യുന്ന പ്രക്രിയയുടെ ഡെമോ വീഡിയോ പഠിതാക്കൾക്ക് പങ്കുവെയ്ക്കുന്നതാണ്.

- ഫൈനോട് കൂടി സമർപ്പിക്കുന്ന അസൈൻമെന്റുകളും erp@sgou.ac.in പോർട്ടൽ വഴി ഓൺലൈനായി മാത്രമേ സമർപ്പിക്കാവൂ. ഫൈൻ അടയ്ക്കുന്നതിനുള്ള പെയ്‌മെന്റ് വിൻഡോ അതിൽ തന്നെ ലഭ്യമാകുന്നതാണ്. ടി പോർട്ടൽ വഴി ഫൈൻ അടച്ചതിന്റെ Payment Receipt മാത്രമേ സർവകലാശാല സ്വീകരിക്കുയുള്ളൂ. Payment Receipt സ്റ്റുഡന്റ്സ് പോർട്ടലിലെ ഡാഷ്ബോർഡിലെ Payment ടാബിൽ ലഭ്യമാണ്.

**പ്രൊഫ. (ഡോ.) ഗ്രേഷ്യസ് ജെ.**
**പ്രൊ വൈസ് ചാൻസലർ (i/C)**
**& പരീക്ഷാ കൺട്രോളർ**

Copy to:-

All Directors, Regional Centres
All LSC Coordinators
PS TO VC/PVC
PA to Registrar/FO/CC/CIQA/Ad.A2/PRO
Stock file/File

**NO. EX.1/26/SOU/2025**